**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4640** **19-07-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി/ കിഫ്ബി/സ്റ്റേറ്റ് ഫണ്ട്/ജലജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി കിഫ്ബി/ സ്റ്റേറ്റ് പ്ലാൻ / ജല ജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഈ പദ്ധതികളിലൂടെ 243825 പേർക്ക് കുടിവെള്ളം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഈ പദ്ധതികളിലൂടെ എത്ര പേർക്ക് കുടിവെള്ളം നൽകാൻ ലക്ഷ്യമിട്ടെന്നും ഇതിനകം എത്ര വീടുകളിൽ കുടിവെള്ളം നൽകി എന്നും പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി കിഫ്ബി/ സ്റ്റേറ്റ് പ്ലാൻ / ജല ജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഈ പദ്ധതികളിലൂടെ 243825 പേർക്ക് കുടിവെള്ളം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | കോഴിക്കോട് – പാലക്കാട് നാഷണൽ ഹൈവേയിൽ (എൻ.എച്ച് 966) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും (എൻ.എച്ച്.എ.ഐ) അനുമതി ലഭിക്കാത്തത് പദ്ധതികളുടെ പൂർത്തീകരണത്തിന് പ്രയാസം സൃഷ്ടിക്കുന്നു. |
| (ഡി) | പൊതുമരാമത്ത്/ദേശീയപാത റോഡുകൾ വെട്ടിപ്പൊളിച്ചത് പുന:സ്ഥാപിക്കുന്നതിന് വലിയ തുക ചെലവ് വരുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്.<br>ജല ജീവൻ മിഷൻ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ഇ) | ഇവയിൽ ഏതെങ്കിലും പദ്ധതിയുടെ ടെണ്ടർ ആരും എടുക്കാത്തത് മൂലം പ്രവൃത്തി തുടങ്ങാൻ പറ്റാതെ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഇ) | കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന കൊണ്ടോട്ടി നഗര കുടിവെള്ള പദ്ധതിയുടെ പാക്കേജ് 3ബി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ ക്വാട്ട് ചെയ്തില്ല. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR 2016 ലെ നിരക്ക് പ്രകാരമാണ് തയ്യാറാക്കിയിരുന്നത്. ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് DSR 2018ലെ നിരക്ക് പ്രകാരമാണ്. അതിനാൽ എസ്റ്റിമേറ്റ് DSR 2018 ലെ നിരക്ക് പ്രകാരം പുതുക്കി സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (എഫ്) | ആയതിന്റെ ടെണ്ടർ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (എഫ്) | കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന കൊണ്ടോട്ടി നഗര കുടിവെള്ള പദ്ധതിയുടെ പാക്കേജ് 3ബി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ ക്വാട്ട് ചെയ്തില്ല.<br><br>പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR 2016 ലെ നിരക്ക് പ്രകാരമാണ് തയ്യാറാക്കിയിരുന്നത്. ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് DSR 2018ലെ നിരക്ക് പ്രകാരമാണ്. അതിനാൽ എസ്റ്റിമേറ്റ് DSR 2018 ലെ നിരക്ക് പ്രകാരം പുതുക്കി സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. **കിഫ്ബി സഹായത്തോടു കൂടി കൊണ്ടോട്ടി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിയുടെ വിപുലീകരണം**

**പദ്ധതി 5 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത് – ഭരണാനുമതി തുക–108.698 കോടി**

| പാക്കേജ് | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|
| പാക്കേജ് 1 | റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാല, പമ്പ് സെറ്റുകൾ മുതലായവ | 78% പൂർത്തിയായി. |
| പാക്കേജ് 2 | ജലസംഭരണികളും വിതരണ ശൃംഖലയും | 57% പൂർത്തിയായി |
| പാക്കേജ് 2A | ജലസംഭരണികളും വിതരണ ശൃംഖലയും | 57% പൂർത്തിയായി |
| പാക്കേജ് 3A | വിതരണ ശൃംഖല | 78% പൂർത്തിയായി |
| പാക്കേജ് 3B | വിതരണ ശൃംഖല | ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |

2. **സ്റ്റേറ്റ് പ്ലാൻ – സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 6 പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി**

**പദ്ധതി 4 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത് – ഭരണാനുമതി തുക– 40.00 കോടി**

| പാക്കേജ് | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|
| പാക്കേജ് 1 | ചീക്കോട്, മുതുവല്ലൂർ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 79% പൂർത്തിയായി. |
| പാക്കേജ് 2 | വാഴയൂർ, വാഴക്കാട് പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 67% പൂർത്തിയായി |
| പാക്കേജ് 3 | പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 64% പൂർത്തിയായി. |
| പാക്കേജ് 4 | 6 പഞ്ചായത്തുകളിലെ സർവ്വേ പ്രവൃത്തികൾ | 100% പൂർത്തീകരിച്ചു. |

3. **ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പുതുക്കിയ ഭരണാനുമതി തുക ലക്ഷത്തിൽ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1. | ചെറുകാവ് പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 5091 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2300.00 | 70% പ്രവൃത്തി പൂർത്തിയായി. 3973 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. |
| 2. | മുതുവല്ലൂർ പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 3380 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2538.00 | 60% പ്രവൃത്തി പൂർത്തിയായി. 2545 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 3. | ചീക്കോട് പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 5748 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 3839.00 | 35% പ്രവൃത്തി പൂർത്തിയായി. 3711 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 4. | വാഴയൂർ പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 5746 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2210.50 | 68% പ്രവൃത്തി പൂർത്തിയായി. 3612 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 5. | വാഴക്കാട് പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 6746 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2316.43 | 67% പ്രവൃത്തി പൂർത്തിയായി. 3159 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 6. | പുളിക്കൽ പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 6054 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 3116.37 | 74% പ്രവൃത്തി പൂർത്തിയായി. 4325 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |

**അനുബന്ധം**

**1. കിഫ്ബി സഹായത്തോടു കൂടി കൊണ്ടോട്ടി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിയുടെ വിപുലീകരണം**

**പദ്ധതി 5 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത് – ഭരണാനുമതി തുക–108.698 കോടി**

| പാക്കേജ് | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|
| പാക്കേജ് 1 | റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാല, പമ്പ് സെറ്റുകൾ മുതലായവ | 78% പൂർത്തിയായി. |
| പാക്കേജ് 2 | ജലസംഭരണികളും വിതരണ ശൃംഖലയും | 57% പൂർത്തിയായി |
| പാക്കേജ് 2A | ജലസംഭരണികളും വിതരണ ശൃംഖലയും | 57% പൂർത്തിയായി |
| പാക്കേജ് 3A | വിതരണ ശൃംഖല | 78% പൂർത്തിയായി |
| പാക്കേജ് 3B | വിതരണ ശൃംഖല | ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |

**2. സ്റ്റേറ്റ് പ്ലാൻ - സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 6 പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി**

**പദ്ധതി 4 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത് – ഭരണാനുമതി തുക– 40.00 കോടി**

| പാക്കേജ് | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|
| പാക്കേജ് 1 | ചീക്കോട്, മുതുവല്ലൂർ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 79% പൂർത്തിയായി. |
| പാക്കേജ് 2 | വാഴയൂർ, വാഴക്കാട് പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 67% പൂർത്തിയായി |
| പാക്കേജ് 3 | പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 64% പൂർത്തിയായി. |
| പാക്കേജ് 4 | 6 പഞ്ചായത്തുകളിലെ സർവ്വേ പ്രവൃത്തികൾ | 100% പൂർത്തീകരിച്ചു. |

3. **ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പുതുക്കിയ ഭരണാനുമതി തുക ലക്ഷത്തിൽ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1. | ചെറുകാവ് പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 5091 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2300.00 | 70% പ്രവൃത്തി പൂർത്തിയായി. 3973 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. |
| 2. | മുതുവല്ലൂർ പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 3380 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2538.00 | 60% പ്രവൃത്തി പൂർത്തിയായി. 2545 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 3. | ചീക്കോട് പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 5748 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 3839.00 | 35% പ്രവൃത്തി പൂർത്തിയായി. 3711 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 4. | വാഴയൂർ പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 5746 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2210.50 | 68% പ്രവൃത്തി പൂർത്തിയായി. 3612 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 5. | വാഴക്കാട് പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 6746 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 2316.43 | 67% പ്രവൃത്തി പൂർത്തിയായി. 3159 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |
| 6. | പുളിക്കൽ പഞ്ചായത്തിൽ വിതരണ ശൃംഖലകൾ സ്ഥാപിച്ച് 6054 എണ്ണം ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തി | 3116.37 | 74% പ്രവൃത്തി പൂർത്തിയായി. 4325 ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. |